A3/94/2025-CLAD-Part(2)

**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിയിനങ്ങൾ പുതുക്കി നിശ്ചയിച്ച് പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.53/2026/CLAD തീയതി, തിരുവനന്തപുരം, 21-01-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം.284/2025/സാം.കാ.വ. തീയതി 20.05.2025
2. സ.ഉ.(സാധാ)നം.540/2025/സാം.കാ.വ. തീയതി 19.09.2025
3. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 11.12.2025 തീയതിയിലെ 5486/A2/2024/കെ.എസ്.എഫ്.ഡി.സി. നമ്പർ കത്ത്.
4. 07.01.2026 തീയതി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ചലച്ചിത വികസന കോർപ്പറേഷന്റെ പദ്ധതി പ്രവർത്തനങ്ങൾക്കായി 2025-26 സാമ്പത്തികവർഷം "4202-04-190-99-01 (പ്ലാൻ)" എന്ന ശീർഷകത്തിൽ 21,00,00,000/- രൂപ (ഇരുപത്തിയൊന്ന് കോടി രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പരാമർശം (1) പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ 2025-26 സാമ്പത്തികവർഷത്തെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കുള്ള പദ്ധതിച്ചെലവ് 19,50,00,000/- രൂപയായി (പത്തൊൻപത് കോടി അമ്പത് ലക്ഷം രൂപ മാത്രം) നിജപ്പെടുത്തി നിർവ്വഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം 2025-26 സാമ്പത്തിക വർഷത്തെ വിവിധ പദ്ധതിപ്രവർത്തനങ്ങൾക്കുള്ള പദ്ധതിച്ചെലവ് 18,05,00,000/- രൂപയായി (പതിനെട്ട് കോടി അഞ്ച് ലക്ഷം രൂപ മാത്രം) നിജപ്പെടുത്തിക്കൊണ്ട് നിർവ്വഹിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. കണ്ണൂർ പാലയാട് തീയേറ്റർ സമുച്ചയത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി 50 ലക്ഷം രൂപ ഉൾപ്പെടുത്തി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ 2025-26 സാമ്പത്തികവർഷത്തെ ഭരണാനുമതി പുതുക്കണമെന്ന് പരാമർശം (3) പ്രകാരം കെ.എസ്.എഫ്.ഡി.സി. എം.ഡി. അഭ്യർത്ഥിച്ചിരുന്നു. ടി ശിപാർശ പരാമർശം (4) പ്രകാരം കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരം കേരള

സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ 2025-26 സാമ്പത്തിക വർഷത്തെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കുള്ള ഇനങ്ങൾ പുതുക്കി നിശ്ചയിച്ച്, ₹18,05,00,000/- (പതിനെട്ട് കോടി അഞ്ച് ലക്ഷം) രൂപയിൽ നിജപ്പെടുത്തിക്കൊണ്ട് നിർവ്വഹിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>ശീർഷകം - " 4202-04-190-99-01 " (പ്ലാൻ)</u>**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | തൃശ്ശൂർ കൈരളി/ ശ്രീ തിയേറ്റർ നവീകരണം പൂർത്തിയാക്കൽ | 645 |
| 2 | തിരുവനന്തപുരം കലാഭവൻ തീയേറ്റർ നവീകരണം/അപ്ഗ്രഡേഷൻ | 100 |
| 3 | കേരളത്തിലെ എല്ലാ തീയേറ്ററുകളിലും ഇ-ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കൽ | 200 |
| 4 | സി-സ്പെയ്സ് ഒ.റ്റി.റ്റി പ്ലാറ്റ്ഫോം പ്രവർത്തനവും പരിപാലനവും | 50 |
| 5 | വനിതാ സംവിധായകരുടെ 2 ഫീച്ചർ ഫിലിം നിർമ്മാണം | 280 |
| 6 | എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട സംവിധായകരുടെ 2 ഫീച്ചർ ഫിലിം നിർമ്മാണം | 280 |
| 7 | ഐ.എഫ്.എഫ്.കെ. യോടനുബന്ധിച്ച് ഫിലിം മാർക്കറ്റ് സംഘടിപ്പിക്കൽ | 75 |
| 8 | കെ.എസ്.എഫ്.ഡി.സി. 50-ആം വാർഷികം- വിഷൻ & മിഷൻ പുനർനിർവചിക്കുന്നതിനായി അന്താരാഷ്ട്ര കോൺക്ലേവ് സംഘടിപ്പിക്കുന്നതിന് | 75 |
| 9 | ഫിലിം പോളിസി രൂപീകരണം | 50 |

| | | |
|---|---|---|
| 10 | കണ്ണൂർ പാലയാട് തീയേറ്റർ സമുച്ചയം - ഡി.പി.ആർ. തയ്യാറാക്കൽ | 50 |
| | **ആകെ** | **1805** |

4 . ഈ പ്രവൃത്തികൾ താഴെപ്പറയുന്ന വ്യവസ്ഥകൾ കൂടി കർശനമായി പാലിച്ചാവണം നിർവ്വഹിക്കേണ്ടത് :

i. ഓരോ പ്രവൃത്തിക്കും ബാധകമായ നിലവിലുള്ള നടപടിക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും ഉത്തരവുകളും പാലിച്ചാവണം പദ്ധതി നിർവ്വഹണം.

ii. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സമാഹരണങ്ങൾ (IT അനുബന്ധ സാമഗ്രികൾ ഉൾപ്പെടെ) സ്റ്റോഴ്സ് പർച്ചേസ് റൂൾസിനും ഐ.ടി. പ്രൊക്യൂർമെന്റ് മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസൃതമായിരിക്കേണ്ടതും വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്.

iii. പദ്ധതി ഘടകങ്ങൾക്കുള്ള തുക ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിയ്ക്ക് റിലീസ് ചെയ്ത് നൽകുന്നതിനുള്ള ചുമതല സാംസ്കാരിക വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. ആവശ്യകതയ്ക്കനുസരിച്ച് മാത്രമേ തുക പിൻവലിക്കാൻ പാടുള്ളൂ.

iv. സാംസ്കാരിക വകുപ്പ് ഡയറക്ടറും ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കേണ്ടതും തുകയുടെ ശരിയായ വിനിയോഗം ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് , തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ (പി.യു-സി) വകുപ്പ്
ധനകാര്യ (പ്ലാനിംഗ് ബി) വകുപ്പ്
സാംസ്കാരികകാര്യ (ബി) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 21-01-2026 11:49:17